## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6325

### 2016 നവംബർ 8 ലെ മറുപടിക്ക്

<u>സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ചികിത്സയ്ക്കായി പദ്ധതികൾ</u>

| ചോദ്യം:<br>ശ്രീ. ബി.ഡി.ദേവസ്സി | ഉത്തരം:<br>ശ്രീ. പിണറായി വിജയൻ<br>ബഹു. കേരള മുഖ്യമന്ത്രി. |
|---|---|
| (എ) സർക്കാർ ജീവനക്കാരുടെയും, പെൻഷൻകാരുടെയും ചികിത്സയ്ക്കായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടോ; | സർക്കാർ ജീവനക്കാരുടെ ചികിത്സാ ചെലവുകൾക്കായി 1960 ലെ Kerala Government Servant's Medical Attendance Rules പ്രകാരം മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് നിലവിലുണ്ട്. പെൻഷൻകാർ പ്രസ്തുത പദ്ധതിക്ക് കീഴിൽ ഉൾപ്പെടുന്നില്ല. പകരം പ്രതിമാസ പെൻഷനോടൊപ്പം 300 രൂപ മെഡിക്കൽ അലവൻസ് ആയി നൽകി വരുന്നുണ്ട്. |
| (ബി) മാരകമായ രോഗങ്ങൾ, അപകടങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ജീവനക്കാരുടെയും പെൻഷൻകാരുടെയും ചികിത്സയ്ക്ക് സഹായകരമായ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് ഫലപ്രദമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ;<br>(സി) ഇതു സംബന്ധിച്ച് കഴിഞ്ഞ ശമ്പള പരിഷ്കരണ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ രണ്ടാം ഭാഗ റിപ്പോർട്ടിൽ സമർപ്പിച്ചിട്ടുണ്ട്. പെൻഷൻകാർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച നടപടിക്രമങ്ങൾ ധനകാര്യ വകുപ്പിൽ പുരോഗമിക്കുന്നു. സർക്കാർ ജീവനക്കാർക്ക് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ